**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1647

13/06/2014-ൽ മറുപടിക്ക്

കുടുംബശ്രീ സ്ത്രീ സുരക്ഷാ ബീമാ യോജന പദ്ധതി

**ചോദ്യം**

ശ്രീ. എ.കെ. ശശീന്ദ്രൻ

(എ) സംസ്ഥാനത്ത് കുടുംബശ്രീയും എൽ.ഐ.സി. യും ചേർന്ന് നടപ്പിലാക്കുന്ന കുടുംബശ്രീ സ്ത്രീസുരക്ഷാ ബീമാ യോജന പദ്ധതിയുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

**ഉത്തരം**

**ഡോ.എം.കെ. മുനീർ**
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

(എ) കുടുംബശ്രീയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായി അയൽക്കൂട്ടാംഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി യായ കുടുംബശ്രീ – സ്ത്രീ സുരക്ഷാ ബീമായോജനയിലൂടെ അയൽക്കൂട്ടാംഗങ്ങളായ വനിതകളുടെ ജീവന് പ രിരക്ഷ നൽകുകയും അവരുടെ 9 മുതൽ 12വരെ ക്ലാസ്സുകളിൽ പഠിക്കുന്ന രണ്ടു കുട്ടികൾക്ക് പ്രതിവർഷം സ്കോളർഷിപ്പ് ലഭ്യമാക്കുകയും ചെയ്യുന്നു.
18 മുതൽ 75 വയസ്സുവരെയുള്ള കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്ക് പദ്ധതിയിൽ ചേരാ വുന്നതാണ്. പദ്ധതിയിൽ ചേരുന്ന തിനുള്ള വാർഷിക പ്രീമിയമായ 250 രൂപയിൽ 100/- രൂപ കേന്ദ്ര സർക്കാർ വിഹിതമാണ്. ആയതിനാൽ അംഗങ്ങൾ വാർഷിക പ്രീമിയമായി 150 രൂപ മാത്രം അടച്ചാൽ മതി. (ഓരോ വർഷവും 150/- രൂപ വീതം അടച്ച് പദ്ധതിയിലെ അംഗത്വം പുതുക്കാവുന്നതാണ്.)

പദ്ധതി പ്രകാരം ലഭിക്കുന്ന നേട്ടങ്ങൾ

| വയസ്സ് → / ↓നേട്ടങ്ങൾ | 18 മുതൽ 59 വരെ | 60 മുതൽ 65 വരെ | 66 മുതൽ 70 വരെ | 71 മുതൽ 75 വരെ |
|---|---|---|---|---|
| സ്വഭാവിക മരണം | 50,000 | 9,000 | 6,000 | 4,000 |
| അപകട മരണം | 95,000 | - | - | - |
| സ്ഥിരമായ അംഗ വൈകല്യം | 75,000 | - | - | - |
| ഭാഗീകമായ അംഗ വൈകല്യം | 37,500 | - | - | - |

പദ്ധതിയിൽ ചേരുന്ന 60 മുതൽ 75 വയസ്സു വരെ പ്രായമുള്ള അയൽക്കൂട്ടാംഗങ്ങൾക്ക് മരണം സംഭവിച്ചാൽ സാമ്പത്തിക സഹായം കുടുംബത്തിനു ലഭ്യമാക്കുന്നു.

പദ്ധതിയിൽ അംഗങ്ങളാകുന്ന 18 മുതൽ 59 വയസ്സുവരെയുള്ള അയൽക്കൂട്ടാംഗങ്ങളുടെ 9 മുതൽ 12 ക്ലാസുവരെ (ഐറ്റിഐ ഉൾപ്പെടെ) പഠിക്കുന്ന 2 കുട്ടികൾക്ക് പ്രതിവർഷം 1,200/- രൂപ വീതം സ്കോളർഷിപ്പ് ലഭിക്കുന്നു. ഓരോ വർഷവും ജൂലൈ – ജനുവരി മാസങ്ങളിൽ 600 രൂപ വീതം രണ്ട അർദ്ധവാർഷിക ഗഡുക്കളായിട്ടാണ് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത്.

| | | | |
|---|---|---|---|
| (ബി) | കോഴിക്കോട് ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ബി) | കോഴിക്കോട് ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ ജില്ലയിലെ 5 പഞ്ചായത്തുകളിലും 3 നഗരസഭകളിലും ആരും തന്നെ ടി പദ്ധതിയിൽ ചേർന്നിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയിൽ ചേരാനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (സി) | ഘട്ടം ഘട്ടമായിട്ടാണ് പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നത്. ഒന്നാം ഘട്ടം 2014 മാർച്ച് 31-ന് അവസാനിച്ചു. രണ്ടാം ഘട്ടം 2014 ജൂൺ 25 വരെയാണ്. |
| (ഡി) | ഇതുവരെ പ്രസ്തുത പദ്ധതിയിൽ ചേരാത്ത പഞ്ചായത്തുകളുടെ പേരുകൾ വെളിപ്പെടുത്താമോ ? | (ഡി) | ഭരണിക്കാവ്, പുതൂർ, കോട്ടോപ്പാടം, മരുതറോഡ്, തച്ചനാട്ടുകര, ആലിപ്പറമ്പ്, പരപ്പനങ്ങാടി, പൊൻമുണ്ടം, വേളം, നരിപ്പറ്റ, ഉള്ള്യേരി, കോട്ടൂർ, ചേമഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകൾ ഇതുവരെ ഈ പദ്ധതിയിൽ ചേർന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ